**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1437** **19-09-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണായക സ്ഥാനമുള്ള വിനോദസഞ്ചാര മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് സഹായിച്ചു. കോവിഡിന് ശേഷം കേരളത്തിലേയ്ക്കുള്ള സഞ്ചാരികളുടെ വരവ് സർവകാല റെക്കോഡിലെത്തി . ഓരോ വർഷവുമുള്ള സഞ്ചാരികളുടെ എണ്ണം മുൻവർഷത്തേക്കാൾ വർദ്ധിച്ചു വന്നു . 2024-ൽ 2,29,85,363/- സഞ്ചാരികളാണ് കേരളം സന്ദർശിച്ചത് . വിശദമായ കണക്ക് അനുബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.<br><br>ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനവും സർവ്വകാല റെക്കോർഡിൽ എത്തി . 2024-ൽ 45,053.61 കോടി രൂപയാണ് ടൂറിസത്തിൽ നിന്നുള്ള വരുമാനം . വരുമാനം സംബന്ധിച്ച വിശദാംശം അനുബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. |
| (ബി) | വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്കുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നയപരമായ സമീപനങ്ങൾ തൊഴിൽ സാധ്യതയിലും വരുമാന വർദ്ധനവിലും നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് സഹായിച്ചു. കോവിഡിന് ശേഷം കേരളത്തിലേയ്ക്കുള്ള സഞ്ചാരികളുടെ വരവ് സർവകാല റെക്കോഡിലെത്തി . ഓരോ വർഷവുമുള്ള സഞ്ചാരികളുടെ എണ്ണം മുൻവർഷത്തേക്കാൾ വർദ്ധിച്ചു വന്നു . 2024-ൽ 2,29,85,363/- സഞ്ചാരികളാണ് കേരളം സന്ദർശിച്ചത് . വിശദമായ കണക്ക് അനുബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.<br><br>ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനവും സർവ്വകാല റെക്കോർഡിൽ എത്തി . 2024-ൽ 45,053.61 കോടി രൂപയാണ് ടൂറിസത്തിൽ നിന്നുള്ള വരുമാനം . വരുമാനം സംബന്ധിച്ച വിശദാംശം അനുബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര രംഗത്ത് കാലഘട്ടത്തിനനുസൃതമായ പുതിയ മേഖലകൾ കണ്ടെത്തുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനുകളുമായി കിടപിടിക്കുന്ന തരത്തിലേയ്ക്കുയർത്താൻ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>ഹെലി ടൂറിസം-</u>** കേരളത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്ന ഹെലി ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹെലിടൂറിസം നയത്തിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗ്ഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി.<br><br>**<u>ക്രൂയിസ് ടൂറിസം</u>** സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകി വരികയാണ്. ടൂറിസം മേഖലയിൽ ക്രൂയിസുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് നടപ്പാക്കുന്നത്.<br><br>**<u>സീപ്ലെയിൻ പദ്ധതി</u>** സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കുതിപ്പ് നൽകുന്നതിന് സീപ്ലെയിൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണ പറക്കൽ വിജയകരമായി നടത്തി. ആദ്യഘട്ടം എന്ന നിലയിൽ ഡാമുകൾ കേന്ദ്രീകരിച്ചാണ് സീപ്ലെയിൻ ടൂറിസം വിഭാവനം ചെയ്യുന്നത്.<br><br>**<u>ഡിസൈൻ പോളിസി</u> -** വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും മനോഹരമായി സൂക്ഷിക്കേണ്ടതും വിനോദസഞ്ചാരത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ഇവ കണക്കിലെടുത്ത് കൊണ്ട് നമുക്ക് ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നു വരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശക ചട്ടക്കൂട് ആണ് രൂപകൽപ്പന നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസി അനുസരിച്ച് ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്ന |

പ്രവർത്തനം തുടരുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾ തന്നെ നടപ്പിലാക്കി വരുന്നു.

**<u>ടൂറിസം നിക്ഷേപക സംഗമം</u>**:- ടൂറിസം നിക്ഷേപക സംഗമം (TIM) ന്റെ ആദ്യ പതിപ്പ് 2023 നവംബർ 16 ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ടൂറിസം നിക്ഷേപക സംഗമം വഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യുവാനും അതുവഴി സുസ്ഥിരമായ വികസനം ഉറപ്പാക്കുവാനും സാധ്യമാകുന്നതാണ്.

**<u>സിനി ടൂറിസം</u>:-** കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിംഗ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിനി ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കിരീടം പാലം, ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചു.

**<u>കാരവൻ ടൂറിസം</u>** – കാരവൻ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് . ഇതിനായി 1,05,00,000/- കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത് . സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും വാഗമണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട് . പ്രധാനമായും രണ്ട് ഘടകങ്ങളാണ് കാരവൻടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

- ടൂറിസം കാരവനുകൾ,

- കാരവൻ പാർക്കുകൾ.

**<u>ഡെസ്റ്റിനേഷൻ ചലഞ്ച്:</u>-** ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. 2026 ഓടെ "ഒരു പഞ്ചായത്ത് - ഒരു ലക്ഷ്യസ്ഥാനം" എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം ഇതുവരെ 45പദ്ധതികൾക്ക് അനുമതി നൽകി.അതിൽ 7 പദ്ധതികൾ പൂർത്തീയായിട്ടുണ്ട്.

വരുന്ന സാമ്പത്തിക വർഷത്തിൽ കൂടുതൽ LSGD-കളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

**<u>മാസ്റ്റർ പ്ലാൻ -</u>** ടൂറിസം കേന്ദ്രങ്ങളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സമഗ്രവും, സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കോവളം പോലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

**<u>സ്റ്റാർട്ട്അപ്പ് മിഷൻ</u>-** വിനോദസഞ്ചാര വകുപ്പും കേരള സ്റ്റാർട്ട്അപ്പ് മിഷനും തമ്മിൽ നൂതനമായ വിവിധ പദ്ധതികളിൽ ചേർന്ന് പ്രവർത്തിക്കുന്നതിനായി MOU ൽ ഏർപ്പെട്ടിട്ടുണ്ട്. നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾക്ക് രൂപം നൽകുകയാണ്.

**<u>ക്യാരിയിംഗ് കപ്പാസിറ്റി പഠനം</u>-** ടൂറിസം ഡെസ്റ്റിനേഷനുകളിൽ വാഹക ശേഷി പഠനം അത്യാവശ്യമാണ്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം എന്നിവയിൽ കാര്യമായ പ്രതികൂല പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതെ ഒരു ലക്ഷ്യസ്ഥാനത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണം നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു. 2 ഡസ്റ്റിനേഷനുകളിൽ ക്യാരിയിംഗ് കപ്പാസിറ്റി പഠനം നടത്തുന്നതിന് KITTS -ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**<u>ഉത്തരവാദിത്ത ടൂറിസം</u> -** സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക, ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും, പാരിസ്ഥിതിക സംരക്ഷണം അടിസ്ഥാനമാക്കിയുള്ളതുമാണ്. കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വഴി ഈ പദ്ധതി നടപ്പാക്കി വരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വിദേശ സഞ്ചാരികളേയും ആകർഷിക്കുന്നവയാണ്. 'സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പദ്ധതി കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ യു എൻ വിമണുമായി ചേർന്നാണ് നടപ്പാക്കുന്നത്.

കേരളത്തിൽ നടന്ന് വരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ വുമൺ -ന്റെ കൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 നവംബർ 30 , ഡിസംബർ 1, 2 തിയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽ വച്ച് നടന്നു.

**<u>മലബാർ ലിറ്റററി സർക്യൂട്ട്</u>** മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി.വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**<u>ബയോഡൈവേഴ്സിറ്റി സർക്യൂട്ട്</u>** പാരിസ്ഥിതിക സംരക്ഷണവും പരിസ്ഥിതി ടൂറിസവും ലക്ഷ്യമിട്ട് ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം നൽകുകയാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടി കേന്ദ്രീകരിച്ച് രൂപം നൽകിയ പദ്ധതി പുരോഗമിക്കുന്നു.

**<u>നൂതന നഗര ഇടങ്ങൾ-</u>** പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്തും പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദ സൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവു സമയങ്ങൾ ചെലവഴിയ്ക്കുന്നതിനുള്ള സൗകര്യം നൽകികൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത് . കൊല്ലം എസ്.എൻ. കോളേജ് റെയിൽവേ മേൽപ്പാലത്തിനു താഴെയുള്ള ഭാഗത്തെ സൗന്ദര്യവത്കരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്.<br><br>സംസ്ഥാന ടൂറിസം വകുപ്പിന്റെ നിർദ്ദേശം അംഗീകരിച്ച് കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 'Ashatamudi Biodiversity and Eco- Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ 'Sargalaya – Global Gateway to Malabar Cultural Crucible, എന്നീ പദ്ധതിയും കേന്ദ്ര സ്വദേശ് ദർശൻ 2.0 സ്കീം മുഖേന Enhancement of Tourist Experience at Malampuzha Garden & Leisure Park, Alappuzha A Global Water Wonderlandഎന്ന പദ്ധതിയും ഉപപദ്ധതിയായ Challenge Based Destination Development ൽ ഉൾപ്പെടുത്തി 'വർക്കല ദക്ഷിൻ കാശി ', 'തലശ്ശേരി സ്പിരിച്വൽനെക്സസ്" എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>2020 മുതൽ 2024 വരെയുള്ള കലണ്ടർ വർഷങ്ങളിൽ വിദേശ/ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെട്ടതായി ടൂറിസം വകുപ്പിൽ കണക്കായിട്ടുള്ള തുകയുടെ വിവരങ്ങൾ **<u>അനുബന്ധമായി</u>** ചേർക്കുന്നു. വിദേശ/ ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മൂലം സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെടുന്ന തുകയിലും ക്രമാനുഗത വർദ്ധനവ് വന്നിട്ടുണ്ട് |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വരുമാനത്തിൽ വിനോദസഞ്ചാരമേഖലയുടെ സംഭാവനയിലൂടെ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനുകളുമായി കിടപിടിക്കുന്ന തരത്തിലേയ്ക്കുയർത്താൻ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>ഹെലി ടൂറിസം-</u>** കേരളത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്ന ഹെലി ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹെലിടൂറിസം നയത്തിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗ്ഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി. |

**ക്രൂയിസ് ടൂറിസം** സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകി വരികയാണ്. ടൂറിസം മേഖലയിൽ ക്രൂയിസുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് നടപ്പാക്കുന്നത്.

**സീപ്ലെയിൻ പദ്ധതി** സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കുതിപ്പ് നൽകുന്നതിന് സീപ്ലെയിൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണ പറക്കൽ വിജയകരമായി നടത്തി. ആദ്യഘട്ടം എന്ന നിലയിൽ ഡാമുകൾ കേന്ദ്രീകരിച്ചാണ് സീപ്ലെയിൻ ടൂറിസം വിഭാവനം ചെയ്യുന്നത്.

**ഡിസൈൻ പോളിസി** - വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും മനോഹരമായി സൂക്ഷിക്കേണ്ടതും വിനോദസഞ്ചാരത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ഇവ കണക്കിലെടുത്ത് കൊണ്ട് നമുക്ക് ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നു വരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശക ചട്ടക്കൂട് ആണ് രൂപകൽപ്പന നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസി അനുസരിച്ച് ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനം തുടരുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾ തന്നെ നടപ്പിലാക്കി വരുന്നു.

**ടൂറിസം നിക്ഷേപക സംഗമം**:- ടൂറിസം നിക്ഷേപക സംഗമം (TIM) ന്റെ ആദ്യ പതിപ്പ് 2023 നവംബർ 16 ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ടൂറിസം നിക്ഷേപക സംഗമം വഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യുവാനും അതുവഴി സുസ്ഥിരമായ വികസനം ഉറപ്പാക്കുവാനും സാധ്യമാകുന്നതാണ്.

**സിനി ടൂറിസം:-** കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിംഗ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിനി ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കിരീടം പാലം, ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചു.

**കാരവൻ ടൂറിസം** – കാരവൻ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് . ഇതിനായി 1,05,00,000/- കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത് . സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും വാഗമണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട് . പ്രധാനമായും രണ്ട്ഘടകങ്ങളാണ് കാരവൻടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

- ടൂറിസം കാരവനുകൾ,

- കാരവൻ പാർക്കുകൾ.

**ഡെസ്റ്റിനേഷൻ ചലഞ്ച്:-** ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. 2026 ഓടെ "ഒരു പഞ്ചായത്ത് - ഒരു ലക്ഷ്യസ്ഥാനം" എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം ഇതുവരെ 45പദ്ധതികൾക്ക് അനുമതി നൽകി.അതിൽ 7 പദ്ധതികൾ പൂർത്തീയായിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷത്തിൽ കൂടുതൽ LSGD-കളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

**മാസ്റ്റർ പ്ലാൻ -** ടൂറിസം കേന്ദ്രങ്ങളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സമഗ്രവും, സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കോവളം പോലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

**സ്റ്റാർട്ട്അപ്പ് മിഷൻ-** വിനോദസഞ്ചാര വകുപ്പും കേരള സ്റ്റാർട്ട്അപ്പ് മിഷനും തമ്മിൽ നൂതനമായ വിവിധ പദ്ധതികളിൽ ചേർന്ന് പ്രവർത്തിക്കുന്നതിനായി MOU ൽ ഏർപ്പെട്ടിട്ടുണ്ട്. നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾക്ക് രൂപം നൽകുകയാണ്.

**ക്യാരിയിംഗ് കപ്പാസിറ്റി പഠനം-** ടൂറിസം ഡെസ്റ്റിനേഷനുകളിൽ വാഹക ശേഷി പഠനം അത്യാവശ്യമാണ്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം എന്നിവയിൽ കാര്യമായ

പ്രതികൂല പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതെ ഒരു ലക്ഷ്യസ്ഥാനത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണം നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു. 2 ഡസ്റ്റിനേഷനുകളിൽ ക്യാരിയിംഗ് കപ്പാസിറ്റി പഠനം നടത്തുന്നതിന് KITTS -ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഉത്തരവാദിത്ത ടൂറിസം** - സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക, ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും, പാരിസ്ഥിതിക സംരക്ഷണം അടിസ്ഥാനമാക്കിയുള്ളതുമാണ്. കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വഴി ഈ പദ്ധതി നടപ്പാക്കി വരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വിദേശ സഞ്ചാരികളേയും ആകർഷിക്കുന്നവയാണ്. 'സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പദ്ധതി കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ യു എൻ വിമൺമായി ചേർന്നാണ് നടപ്പാക്കുന്നത്. കേരളത്തിൽ നടന്ന് വരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ വുമൺ -ന്റെ കൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 നവംബർ 30 , ഡിസംബർ 1, 2 തിയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽ വച്ച് നടന്നു.

**മലബാർ ലിറ്ററി സർക്യൂട്ട്** മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി.വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം

പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ബയോഡൈവേഴ്സിറ്റി സർക്യൂട്ട്** പാരിസ്ഥിതിക സംരക്ഷണവും പരിസ്ഥിതി ടൂറിസവും ലക്ഷ്യമിട്ട് ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം നൽകുകയാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടി കേന്ദ്രീകരിച്ച് രൂപം നൽകിയ പദ്ധതി പുരോഗമിക്കുന്നു.

**നൂതന നഗര ഇടങ്ങൾ-** പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്തും പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദ സൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവു സമയങ്ങൾ ചെലവഴിക്കുന്നതിനുള്ള സൗകര്യം നൽകികൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത് . കൊല്ലം എസ്.എൻ. കോളേജ് റെയിൽവേ മേൽപ്പാലത്തിനു താഴെയുള്ള ഭാഗത്തെ സൗന്ദര്യവത്കരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാന ടൂറിസം വകുപ്പിന്റെ നിർദ്ദേശം അംഗീകരിച്ച് കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 'Ashatamudi Biodiversity and Eco- Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ 'Sargalaya – Global Gateway to Malabar Cultural Crucible, എന്നീ പദ്ധതിയും കേന്ദ്ര സ്വദേശ് ദർശൻ 2.0 സ്കീം മുഖേന Enhancement of Tourist Experience at Malampuzha Garden & Leisure Park, Alappuzha A Global Water Wonderlandഎന്ന പദ്ധതിയും ഉപപദ്ധതിയായ Challenge Based Destination Development ൽ ഉൾപ്പെടുത്തി 'വർക്കല ദക്ഷിൻ കാശി ', 'തലശ്ശേരി സ്പിരിച്ച്വൽനെക്സസ്' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

2020 മുതൽ 2024 വരെയുള്ള കലണ്ടർ വർഷങ്ങളിൽ വിദേശ/ ആഭ്യന്തര വിനോദ സഞ്ചാരികളുടെ

| | | | |
|---|---|---|---|
| | | | സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെട്ടതായി ടൂറിസം വകുപ്പിൽ കണക്കായിട്ടുള്ള തുകയുടെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. വിദേശ/ ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മൂലം സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെടുന്ന തുകയിലും ക്രമാനുഗത വർദ്ധനവ് വന്നിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| കലണ്ടർ വർഷം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ | മുൻ വർഷത്തെ അപേക്ഷിച്ച് വ്യതിയാനത്തിന്റെ ശതമാനം | വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ | മുൻ വർഷത്തെ അപേക്ഷിച്ച് വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| 2020 | 49,88,972 | -72.86 | 3,40,755 | -71.36 |
| 2021 | 75,37,617 | 51.09 | 60,487 | -82.25 |
| 2022 | 1,88,67,414 | 150.31 | 3,45,549 | 471.28 |
| 2023 | 2,18,71,641 | 15.92 | 6,49,057 | 87.83 |
| 2024 | 2,22,46,989 | 1.72 | 7,38,374 | 13.76 |

| കലണ്ടർ വർഷം | വിദേശ/ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെട്ടതായി കണക്കാക്കിയിട്ടുള്ള എകദേശ തുക (കോടിയിൽ ) (Travel receipts by Tourists) |
|---|---|
| 2020 | 11,335.96 |
| 2021 | 12,285.91 |
| 2022 | 35,168.42 |
| 2023 | 43,621.22 |
| 2024 | 45,053.61 |

Mallyayya C.S
സെക്ഷൻ ഓഫീസർ

## അനുബന്ധം

| കലണ്ടർ വർഷം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ | മുൻ വർഷത്തെ അപേക്ഷിച്ച് വ്യതിയാനത്തിന്റെ ശതമാനം | വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ | മുൻ വർഷത്തെ അപേക്ഷിച്ച് വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| 2020 | 49,88,972 | -72.86 | 3,40,755 | -71.36 |
| 2021 | 75,37,617 | 51.09 | 60,487 | -82.25 |
| 2022 | 1,88,67,414 | 150.31 | 3,45,549 | 471.28 |
| 2023 | 2,18,71,641 | 15.92 | 6,49,057 | 87.83 |
| 2024 | 2,22,46,989 | 1.72 | 7,38,374 | 13.76 |

| കലണ്ടർ വർഷം | വിദേശ/ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെട്ടതായി കണക്കാക്കിയിട്ടുള്ള എകദേശ തുക (കോടിയിൽ ) (Travel receipts by Tourists) |
|---|---|
| 2020 | 11,335.96 |
| 2021 | 12,285.91 |
| 2022 | 35,168.42 |
| 2023 | 43,621.22 |
| 2024 | 45,053.61 |

Malyayaja C.S

സെക്ഷൻ ഓഫീസർ

അനുബന്ധം

| കലണ്ടർ വർഷം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ | മുൻ വർഷത്തെ അപേക്ഷിച്ച് വ്യതിയാനത്തിന്റെ ശതമാനം | വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ | മുൻ വർഷത്തെ അപേക്ഷിച്ച് വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| 2020 | 49,88,972 | -72.86 | 3,40,755 | -71.36 |
| 2021 | 75,37,617 | 51.09 | 60,487 | -82.25 |
| 2022 | 1,88,67,414 | 150.31 | 3,45,549 | 471.28 |
| 2023 | 2,18,71,641 | 15.92 | 6,49,057 | 87.83 |
| 2024 | 2,22,46,989 | 1.72 | 7,38,374 | 13.76 |

| കലണ്ടർ വർഷം | വിദേശ/ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെട്ടതായി കണക്കാക്കിയിട്ടുള്ള എകദേശ തുക (കോടിയിൽ ) (Travel receipts by Tourists) |
|---|---|
| 2020 | 11,335.96 |
| 2021 | 12,285.91 |
| 2022 | 35,168.42 |
| 2023 | 43,621.22 |
| 2024 | 45,053.61 |

Mylaya G.S
സെക്ഷൻ ഓഫീസർ

# അനുബന്ധം

| കലണ്ടർ വർഷം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ | മുൻ വർഷത്തെ അപേക്ഷിച്ച് വ്യതിയാനത്തിന്റെ ശതമാനം | വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ | മുൻ വർഷത്തെ അപേക്ഷിച്ച് വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| 2020 | 49,88,972 | -72.86 | 3,40,755 | -71.36 |
| 2021 | 75,37,617 | 51.09 | 60,487 | -82.25 |
| 2022 | 1,88,67,414 | 150.31 | 3,45,549 | 471.28 |
| 2023 | 2,18,71,641 | 15.92 | 6,49,057 | 87.83 |
| 2024 | 2,22,46,989 | 1.72 | 7,38,374 | 13.76 |

| കലണ്ടർ വർഷം | വിദേശ/ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾ വഴി ചെലവഴിക്കപ്പെട്ടതായി കണക്കാക്കിയിട്ടുള്ള എകദേശ തുക (കോടിയിൽ ) (Travel receipts by Tourists) |
|---|---|
| 2020 | 11,335.96 |
| 2021 | 12,285.91 |
| 2022 | 35,168.42 |
| 2023 | 43,621.22 |
| 2024 | 45,053.61 |

സെക്ഷൻ ഓഫീസർ